**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -1331** 01.07.2015- ൽ മറുപടിക്ക്

## കോഴിക്കോട് മാവൂർ റോഡിലെ ഓടകളുടെ ശുചീകരണം

**ചോദ്യം**

**ശ്രീ.എ. പ്രദീപ്കുമാർ**

(എ) കോഴിക്കോട് മാവൂർ റോഡ് ജംങ്ഷൻ മുതൽ അരയടത്ത് പാലം വരെ ഇരുവശങ്ങളിലുമുള്ള ഓട, മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി അവസാനമായി വൃത്തിയാക്കിയത് ഏതു വർഷത്തിലാണെന്ന് വിശദമാക്കുമോ;

(ബി) മഴക്കാലത്ത് വെള്ളം കെട്ടിക്കിടക്കുന്ന ഈ ഓടകൾ വർഷംതോറും വൃത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

**മറുപടി**

**ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

(എ) യും (ബി) യും

കോഴിക്കോട് മാവൂർ റോഡ് ജംങ്ഷൻ മുതൽ അരയടത്ത് പാലം വരെയുള്ള റോഡ് പ്രവൃത്തി Kerala Sustainable Urban Development Project (KSUDP) മുഖേന നടപ്പിലാക്കുന്നതിനായി കോഴിക്കോട് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. റോഡിന് ഇരുവശത്തുമുള്ള ഓടകൾ വൃത്തിയാക്കുന്നത് ബന്ധപ്പെട്ട പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കോർപ്പറേഷൻ അധികാരികളാണ്. ആയതിനാൽ 2007-ന ശേഷം പൊതുമരാമത്ത് വകുപ്പ് ഈ ഓടകൾ വൃത്തിയാക്കിയിട്ടില്ല.

സെക്ഷൻ ഓഫീസർ